# KERALA POLICE INFORMATION CENTRE

No. 23 /PR/PIC/PHQ/09 Date .21-12-09

## വിദേശത്ത് വീട്ടുജോലിയ്ക്കും മറ്റും പോകുന്ന സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ വീട്ടുജോലിയ്ക്കും മറ്റും സ്ത്രീകൾ പോകുന്നുണ്ട്. വീട്ടുജോലിയ്ക്ക് എന്നുപറഞ്ഞ് പോകുന്ന ഇവർ മിക്കവരും അവിടങ്ങളിലുള്ള സെക്സ് റാക്കറ്റുകളിൽ ചെന്നുപെട്ട് വ്യഭിചാരവൃത്തിയിലേയ്ക്ക് തള്ളപ്പെടുന്നു എന്നുള്ളത് വളരെ ദയനീയമായ കാഴ്ചയാണ്. പലരും ഇത്തരം സംഘങ്ങളിൽ അകപ്പെട്ടുകഴിഞ്ഞാൽ പുറംലോകം തന്നെ കാണുന്നത് വിരളമാണ്. അതുപോലെ തന്നെ വിദേശ പൗരൻമാരുടെയും ഇന്ത്യാക്കാരുടെയും വീടുകളിൽ ജോലിയ്ക്ക് പോകുന്നവർ അവിടെ കഠിന ജോലിയ്ക്കും പീഡനങ്ങൾക്കും വിധേയരാകുന്നതായും അവർക്ക് തുച്ഛമായ വേതനം മാത്രം നൽകി വരുന്നതായും അറിയുന്നു

ഇതിനെല്ലാം പരിഹാരമായാണ് വിദേശത്ത് വീട്ടുജോലിയ്ക്ക് പോകുന്ന സ്ത്രീകൾക്ക് ചില നിയന്ത്രണങ്ങൾ കേന്ദ്രപ്രവാസികാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. വീട്ടുജോലിയ്ക്കും, മറ്റ് അവിദഗ്ധതൊഴിൽ മേഖലയിലും ജോലിയ്ക്ക് പോകുന്നവർക്ക് എമിഗ്രേഷൻ പരിശോധന നിർബന്ധമാണ്. നിലവിൽ വീട്ടുജോലിയ്ക്കായി വിദേശത്ത് പോകുന്ന സ്ത്രീകളുടെ പ്രായം 30 വയസ്സിന് മുകളിലായി നിജപ്പെടുത്തിയിട്ടുണ്ട്.

പാസ്പോർട്ടിൽ എമിഗ്രേഷൻ ചെക്ക് ആവശ്യമുണ്ട് എന്ന് രേഖപ്പെടുത്തിയ വിഭാഗക്കാരായ സ്ത്രീകൾ ഏത് തൊഴിലിനായി വിദേശത്ത് പോകുന്നതിനും പ്രായം 30 വയസ്സ് കഴിഞ്ഞിരിക്കണം എന്നുള്ളത് നിർബന്ധമാണ്. വീട്ടുജോലിയ്ക്കായി പോകുന്നവർക്ക് ഒറിജിനൽ വിസ അല്ലെങ്കിൽ ബന്ധപ്പെട്ട ഇന്ത്യൻ എംബസിയിൽ നിന്നും അറ്റസ്റ്റ് ചെയ്ത വിസ കോപ്പിയും, സ്പോൺസറും ഉദ്യോഗാർത്ഥിയും തമ്മിലുള്ള വർക്ക് എഗ്രിമെന്റിന്റെ ഒറിജിനൽ കോപ്പി എന്നിവയും 6 മാസം വരെയെങ്കിലും കാലാവധിയുള്ള ഒറിജിനൽ പാസ്പോർട്ടുമായി എമിഗ്രേഷൻ ക്ലിയറൻസിനായി പ്രാദേശിക പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിനു നൽകി എമിഗ്രേഷൻ ക്ലിയറൻസ് വാങ്ങേണ്ടതാണ്. ജോലിയ്ക്കുള്ള കരാർ ഉദ്യോഗാർത്ഥിയും തൊഴിൽദാതാവും തമ്മിൽ നേരിട്ടുള്ളതും മറിച്ച് റിക്രൂട്ടിംഗ് ഏജന്റ് മുഖാന്തിരം പാടില്ലാത്തതുമാകുന്നു. എമിഗ്രേഷൻ ചെക്ക് വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ജോലിയ്ക്കുള്ള ടി കരാർ ബന്ധപ്പെട്ട ഇന്ത്യൻ നയതന്ത്ര കാര്യാലയം രേഖാമൂലം അറ്റസ്റ്റ് ചെയ്തിരിക്കേണ്ടതാണ്. ടി കരാർ പ്രകാരം വേതനം ഒരു മാസം ഏറ്റവും കുറഞ്ഞത് 400 അമേരിക്കൻ ഡോളർ ആയിരിക്കണം വീട്ടുജോലിയ്ക്കായി സ്ത്രീകളെ നിയമിക്കുന്ന തൊഴിൽ ദാതാവ് ഒരു പ്രീപെയ്ഡ് മൊബൈൽ സംവിധാനം ജോലിക്കാരിയ്ക്ക് നൽകേണ്ടതാണ്.

കോൺസുലേറ്റിൽ നിന്നും ലഭിക്കുന്ന വിസകളിൽ ഇത്തരം ജോലിയ്ക്കായി പോകുന്നവർ എമിഗ്രേഷൻ ക്ലിയറിൻസിനായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുന്നതിന് പ്രവാസിഭാരതീയ ബീമായോജന എന്ന പദ്ധതി പ്രകാരം 10 ലക്ഷം രൂപയുള്ള ഒരു ഇൻഷുറൻസ് എടുക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്.

അതുപോലെ ഇൻഷുറൻസ് പോളിസിയിൽ തിരിമറി നടത്തുന്നത് തടയുന്നതിന് ഇൻഷുറൻസ് കമ്പനികൾ അതാത് പ്രൊട്ടക്ടർ ഓഫ് ഇമിഗ്രൻസിന്റെ അനുമതി ഇല്ലാതെ പോളിസി ക്യാൻസൽ ചെയ്യുകയില്ല എന്നുള്ള സമ്മതപത്രം സമർപ്പിക്കേണ്ടതുമാണ്.

ഇതിന് പുറമേ ധാരാളം സ്ത്രീകൾ (30 വയസ്സിന് താഴെയുള്ളവരും അല്ലാത്തവരും) വിസിറ്റിംഗ് വിസ പ്രകാരം ഏകയായി വിദേശത്ത് പോകുന്നുണ്ട്. എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ലാത്ത വിഭാഗത്തിൽപ്പെട്ടവരും ഇതിൽ ഉൾപ്പെടുന്നു. അവർ വിദേശത്ത് എത്തിയ ശേഷം തൊഴിൽ അന്വേഷണത്തിനിടയിൽ സെക്സ് റാക്കറ്റുകളിൽ ചെന്നുപെടുന്നത് സാധാരണയാണ്. അങ്ങനെ വിസിറ്റിംഗ് വിസയിൽ ചെന്നെത്തുന്നവർ ഒരു തൊഴിൽ കണ്ടുപിടിച്ചുകഴിഞ്ഞാൽ ആരുടെ കീഴിലാണ് ജോലി ചെയ്യുന്നത് എന്നും ഏത് തരം ജോലിയാണ് ചെയ്യുന്നത് എന്നും അറിയുക പ്രയാസമാണ്. അതുപോലെ എംപ്ലോയ്മെന്റ് വിസയിൽ ഒരു ജോലി പറഞ്ഞിരിക്കുകയും എന്നാൽ ആ ജോലി നൽകാതെ ആ സ്പോൺസർ തന്നെ മറ്റു നിലവാരം കുറഞ്ഞ തൊഴിലും കുറഞ്ഞ വേതനവും നല്കി വരുന്നതും പതിവാണ്.

ആയതിനാൽ വിദേശത്ത് തൊഴിലിനും മറ്റുമായി പോകുന്ന സ്ത്രീകൾ ചതിക്കുഴികളിൽ ചെന്നുപെട്ട് ജീവിതം നരകതുല്യമായി തീരാതെ നിലവിലുള്ള ചട്ടങ്ങളും ഔദ്യോഗിക നിർദ്ദേശങ്ങളും പാലിച്ചു മാത്രമേ വിദേശത്ത് പോകാവു എന്ന് ഓർമ്മപ്പെടുത്തുന്നു.

The Contents of this document may be deemed to be based on received information which is subject to further verification